**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

## <u>തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ടവർക്കുള്ള കൂലി</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1723 — 31-01-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. റ്റി.വി. രാജേഷ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ടവർക്ക് യഥാസമയം കൂലി കൊടുക്കുവാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ? | (ബി) | ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിന്റെ അവസാനം (31-03-2018) വരെ സൃഷ്ടിക്കപ്പെടാവുന്ന തൊഴിൽ ദിനങ്ങളുടെ കൂലി തുകയായ 1272.50 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ 08-12-2017-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന് കുടിശ്ശികയായിട്ടുള്ള തുക അടിയന്തിരമായി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി 30-11-2017-നും 19-12-2017-നും കേന്ദ്ര ഗ്രാമവികസന മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | ഓരോ ജില്ലയിലും എത്ര രൂപ വീതമാണ് ഈയിനത്തിൽ കുടിശ്ശികയായിട്ടുള്ളത്; വിശദമാക്കാമോ ; | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ 08-12-2017 മുതൽ 23-01-2018 വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ കൂലിയിനത്തിൽ 365.50 കോടി രൂപ കുടിശ്ശികയുണ്ട്. ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു |

| ക്രമ നമ്പർ | ജില്ല | അവിദഗ്ദ്ധ വേതന കുടിശ്ശിക (23-01-2018 വരെ) (കോടിയിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 55.89 |
| 2 | കൊല്ലം | 28.48 |

| | | |
|---|---|---|
| 3 | പത്തനംതിട്ട | 17.14 |
| 4 | കോട്ടയം | 18.12 |
| 5 | ആലപ്പുഴ | 52.53 |
| 6 | എറണാകുളം | 20.79 |
| 7 | തൃശ്ശൂർ | 23.19 |
| 8 | ഇടുക്കി | 19.65 |
| 9 | മലപ്പുറം | 18.69 |
| 10 | പാലക്കാട് | 28.63 |
| 11 | വയനാട് | 17.72 |
| 12 | കോഴിക്കോട് | 40.62 |
| 13 | കണ്ണൂർ | 10.73 |
| 14 | കാസർഗോഡ് | 13.32 |
| **ആകെ** | | **365.5** |

**സെക്ഷൻ ഓഫീസർ**